**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 634** **28-01-2026 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ കശുവണ്ടി വ്യവസായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2016-17 മുതൽ മാവേലിക്കര മണ്ഡലത്തിലെ കശുവണ്ടി വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്നും അനുവദിച്ച തുകയും വിശദമാക്കുമോ; | (എ) | മാവേലിക്കര മണ്ഡലത്തിൽ കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ 2 ഫാക്ടറികൾ (ഫാക്ടറി നം.7-നൂറനാട്, ഫാക്ടറി നം.24 കരിമുളയ്ക്കൽ) ഉൾപ്പെടെ ആകെ 9 കശുവണ്ടി ഫാക്ടറികളാണ് നിലവിൽ പ്രവർത്തിക്കുന്നത്.<br><br>തോട്ടണ്ടിയുടെ തുടർച്ചയായ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി സർക്കാർ രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് മുഖേന തോട്ടണ്ടി ലഭ്യമാക്കിയാണ് കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രസ്തുത ഫാക്ടറികൾ പ്രവർത്തിക്കുന്നത്. കെ.എസ്.സി.ഡി.സി-യുടെ കീഴിലുള്ള ഫാക്ടറികളുടെ ഭൗതിക സാഹചര്യവും പ്രവർത്തനവും കശുവണ്ടിപ്പരിപ്പിന്റെ വിപണനവും മെച്ചപ്പെടുത്തുന്നതിനായി രണ്ട് പദ്ധതികളാണ് കശുവണ്ടി വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്നത്.<br><br>1.കെ.എസ്.സി.ഡി.സി ഫാക്ടറികളുടെ ആധുനികവത്ക്കരണവും ഭാഗീക യന്ത്രവത്ക്കരണവും.<br><br>2.സി.ഡി.സി ബ്രാൻഡ് ബിൽഡിംഗ്<br><br>സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനായി രൂപീകരിക്കപ്പെട്ട മിനിമം വേജസ് കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ച് കശുവണ്ടി തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലി 23% എന്ന നിരക്കിൽ വർദ്ധിപ്പിച്ച് സർക്കാർ 12.02.2024-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>മാവേലിക്കര മണ്ഡലത്തിലെ നൂറനാട്, കരിമുളയ്ക്കൽ ഫാക്ടറികളുടെ ആധുനിക വത്ക്കരണത്തിനായി കോർപ്പറേഷൻ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.<br><br>**<u>നൂറനാട്</u>** |

| വർഷം | നിർമ്മാണ പ്രവർത്തനങ്ങൾ | ചെലവഴിച്ച തുക (രൂപ) |
|---|---|---|

| | | |
|---|---|---|
| 2019-20 | ക്രഷ്, ഡൈനിംഗ്, സെക്യൂരിറ്റി | 6707475.05 |
| 2020-21 | ഡ്രയിംഗ് യാർഡ് | 859238.38 |
| 2022-23 | ജെന്റ്സ് ടോയിലറ്റ് | 128411.50 |
| 2023-24 | ഗോഡൗൺ | 1016825.09 |
| ആകെ | | 8711950.02 |

**കരിമുളയ്ക്കൽ**

| വർഷം | നിർമ്മാണ പ്രവർത്തനങ്ങൾ | ചെലവഴിച്ച തുക (രൂപ) |
|---|---|---|
| 2019-20 | ഗോഡൗൺ, ഓഫീസ്, മതിൽ | 3710031.57 |
| 2021-22 | ബോർമ്മ ഷെഡ് നവീകരിക്കൽ | 655619.58 |
| 2023-24 | ക്രഷ്, ഡൈനിംഗ് ഹാൾ | 1461199.76 |
| 2023-24 | മതിൽ | 159641.35 |
| ആകെ | | 5986492.26 |

പൊതുമേഖലയിലെ രണ്ട് ഫാക്ടറികൾക്കു പുറമേ 7 കശുവണ്ടി ഫാക്ടറികൾ സ്വകാര്യ മേഖലയിൽ മാവേലിക്കര മണ്ഡലത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ വളർച്ചയ്ക്കായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1.ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറികളുടെ പുനരുദ്ധാരണം(Scheme for Capital Grants & Interest Subvention to Small and Medium Cashew factory Units for rebuilding lost livelihood)

2.സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം പുനരുദ്ധാരണം പദ്ധതി (Revival, Rejuvenation and Resurrection of private Cashew Sector)

3.പ്രവർത്തനം നിലച്ച ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറികളുടെ പുനരുദ്ധാരണ പദ്ധതി (Revival and Rehabilitation scheme for Defunct MSMEs and Cashew processing units)

4. സംരംഭകത്വ സഹായ പദ്ധതി.

| | | | |
|---|---|---|---|
| | | | സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ ഒറ്റത്തവണ തീർപ്പാക്കൽ (OTS) പദ്ധതി നടപ്പിലാക്കി. |
| (ബി) | മാവേലിക്കര മണ്ഡലത്തിൽ കശുവണ്ടി വ്യവസായ മേഖലയിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്നും അവ ഏതൊക്കെയെന്നും വിശദമാക്കുമോ? | (ബി) | മാവേലിക്കര മണ്ഡലത്തിൽ കശുവണ്ടി വ്യവസായ മേഖലയിൽ 09 ഫാക്ടറികൾ പ്രവർത്തിക്കുന്നു. അവ ചുവടെ ചേർക്കുന്നു.<br><br>1. KSCDC ഫാക്ടറി നം.24, കരിമുളക്കൽ.<br><br>2. KSCDC ഫാക്ടറി നം.7, നൂറനാട്.<br><br>3. സൈനൽ കാഷ്യൂസ്, വള്ളിക്കുന്നം.<br><br>4.സാരംഗി കാഷ്യൂസ്, ആദിക്കാട്ട് കുളങ്ങര.<br><br>5. ടീ നട്ട്സ് & ഫ്രൂട്ട്സ്, വള്ളിക്കുന്നം.<br><br>6.ദൈവസഹായം കാഷ്യൂ ഫാക്ടറി, നൂറനാട്.<br><br>7. മുല്ലശ്ശേരിൽ കാഷ്യൂസ്, പള്ളിക്കൽ.<br><br>8. കിരൺ കാഷ്യൂസ്, താമരക്കുളം.<br><br>9. ചെമ്പരത്തിൽ കാഷ്യൂസ്, മാങ്കാംകുഴി. |

സെക്ഷൻ ഓഫീസർ